എ.വൈ.ആർ

സൂറ-13

# അർറഅ്ദ്

وَكَذَٰلِكَ أَنزَلْنَٰهُ حُكْمًا عَرَبِيًّا ۚ وَلَئِنِ ٱتَّبَعْتَ أَهْوَآءَهُم بَعْدَمَا جَآءَكَ مِنَ
ٱلْعِلْمِ مَا لَكَ مِنَ ٱللَّهِ مِن وَلِيٍّ وَلَا وَاقٍ ﴿٣٧﴾
وَلَقَدْ أَرْسَلْنَا رُسُلًا مِّن قَبْلِكَ وَجَعَلْنَا لَهُمْ أَزْوَٰجًا وَذُرِّيَّةً ۚ وَمَا كَانَ لِرَسُولٍ
أَن يَأْتِىَ بِـَٔايَةٍ إِلَّا بِإِذْنِ ٱللَّهِ ۗ لِكُلِّ أَجَلٍ كِتَابٌ ﴿٣٨﴾
يَمْحُوا۟ ٱللَّهُ مَا يَشَآءُ وَيُثْبِتُ ۖ وَعِندَهُۥٓ أُمُّ ٱلْكِتَٰبِ ﴿٣٩﴾

**37** ഇപ്രകാരം നാം ഈ വേദം ഒരു അറബി ശാസനമായി അവതരിപ്പിച്ചിരിക്കുന്നു. ഈ ജ്ഞാനം ലഭിച്ച ശേഷം ജനത്തിന്റെ ദേഹേഛകളെ പിന്തുടരുകയാണെങ്കിൽ അല്ലാഹുവിനെതിരെ നിനക്ക് രക്ഷകനായോ കാവലാളായോ ആരുമുണ്ടായിരിക്കുകയില്ല.
**38** നിനക്കുമുമ്പും നാം നിരവധി ദൈവദൂതന്മാരെ നിയോഗിച്ചിട്ടുള്ളതാകുന്നു. അവർക്കും നാം കളത്ര-പുത്രാദികളുണ്ടാക്കിയിരുന്നു. ഒരു ദൈവദൂതനും ദൈവഹിതമന്യെ യാതൊരു ദൃഷ്ടാന്തവുമവതരിപ്പിക്കാൻ കഴിവുണ്ടായിരുന്നില്ല. എല്ലാ അവധിക്കുമുണ്ടൊരു പ്രമാണം.
**39** അവനിഛരിക്കുന്നത് മായ്ച്ചു കളയുന്നു. അവനിഛരിക്കുന്നത് സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. അവന്റെ കൈവശത്തിൽ തന്നെയാണ് മൂലപ്രമാണം.

وَكَذَٰلِكَ= ഇപ്രകാരം أَنزَلْنَٰهُ= നാം അതിനെ(ഈവേദം) അവതരിപ്പിച്ചു حُكْمًا= വിധിയായി, ശാസനയായി
عَرَبِيًّا= അറബി(ഭാഷയിൽ ഉള്ളത്) ആയ وَلَئِنِ ٱتَّبَعْتَ= നീ പിന്തുടർന്നാൽ أَهْوَآءَهُم= അവരുടെ (ജനത്തിന്റെ) ദേഹേഛകളെ
بَعْدَمَا جَآءَكَ= നിനക്കു വന്ന ഒന്നിനുശേഷം مِنَ ٱلْعِلْمِ= (ഈ) ജ്ഞാനത്താൽ مَا لَكَ= നിനക്ക് ഇല്ല
مِنَ ٱللَّهِ= അല്ലാഹുവിങ്കൽനിന്ന്(അല്ലാഹുവിന് എതിരെ) مِن وَلِيٍّ= രക്ഷകനിൽനിന്ന്(രക്ഷകനായോ)
وَلَا وَاقٍ= കവലാളും ഇല്ല(കാവലാളായോ ആരും ഇല്ല) وَلَقَدْ أَرْسَلْنَا= തീർച്ചയായും നാം അയ(നിയോഗി)ച്ചു
رُسُلًا= നിരവധി (ദൈവ) ദൂതന്മാരെ مِّن قَبْلِكَ= നിനക്കുമുമ്പ് وَجَعَلْنَا= നാം ആ(ഉണ്ടാ)ക്കിയിരുന്നു لَهُمْ= അവർക്ക്(ും)
أَزْوَٰجًا وَذُرِّيَّةً= ഭാര്യമാരെയും സന്താനങ്ങളെയും(കളത്ര പുത്രാദികളെ)
وَمَا كَانَ لِرَسُولٍ= ഒരു ദൈവദൂതനും(കഴിവ്) ഉണ്ടായിരുന്നില്ല, ഭൂഷണമായിരുന്നില്ല أَن يَأْتِىَ= അവൻ കൊണ്ടുവരാൻ(അവതരിപ്പിക്കാൻ)
بِـَٔايَةٍ= ദൃഷ്ടാന്തം إِلَّا بِإِذْنِ ٱللَّهِ= അല്ലാഹുവിന്റെ അനുമതിയില്ലാതെ, ദൈവഹിതമെന്യെ
لِكُلِّ أَجَلٍ= എല്ലാ ഓരോ അവധിക്കും ഉണ്ട് كِتَابٌ= പുസ്തകം, രേഖ, പ്രമാണം يَمْحُوا۟ ٱللَّهُ= അല്ലാഹു മായ്ച്ചുകളയുന്നു
مَا يَشَآءُ= അവൻ ഇഛരിക്കുന്നത് وَيُثْبِتُ= അവൻ(ഇഛരിക്കുന്നത്) സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു
وَعِندَهُۥٓ= അവന്റെ അടുക്കൽ(കൈവശത്തിൽ തന്നെയാകുന്നു) أُمُّ ٱلْكِتَٰبِ= മാതൃഗ്രന്ഥം, മൂലപ്രമാണം

**37:** كَذَٰلِكَയുടെ ഭാഷാർഥം അതുപോലെ, അപ്രകാരം എന്നാണ്. ചില സന്ദർഭങ്ങളിൽ ആകയാൽ, അതുകൊണ്ട് എന്ന അർഥത്തിലും ഉപയോഗിക്കും. ഈ സന്ദർഭത്തിലുദ്ദേശിച്ചിട്ടുള്ള അർഥം അതാണെന്ന് പ്രഗത്ഭ മുഫസ്സിറുകൾ അഭിപ്രായപ്പെട്ടിരിക്കുന്നു. മുൻസൂക്തത്തിൽ

قُلْ إِنَّمَآ أُمِرْتُ أَنْ أَعْبُدَ ٱللَّهَ وَلَآ أُشْرِكَ بِهِۦٓ ۚ إِلَيْهِ أَدْعُوا۟ وَإِلَيْهِ مَـَٔابِ

എന്നു പറഞ്ഞിട്ടുണ്ടല്ലോ. അതുസൂചിപ്പിച്ചുകൊണ്ട് തുടരുകയാണ്. ഏകനായ അല്ലാഹുവിന്നു മാത്രമേ മനുഷ്യൻ അടിമപ്പെടാവൂ എന്നു കൽപിച്ചിട്ടുള്ളതിനാൽ ആ കൽപന പ്രബോധനം ചെയ്യാനും പ്രയോഗവൽക്കരിക്കാനുമായി നാം പ്രവാചകന്ന് ഈ വേദം അവതരിപ്പിച്ചിരിക്കുന്നു. كَذَٰلِكَക്ക് അതുപോലെ എന്നർഥം നൽകുന്നവരുടെ വ്യാഖ്യാനം ഇങ്ങനെയാണ്: നിനക്കുമുമ്പ് ദൈവദൂതന്മാരെ അയക്കുകയും അവർക്ക് വേദം അവതരിപ്പിച്ചു കൊടുക്കുകയും ചെയ്തിട്ടുള്ളതുപോലെ ഇപ്പോൾ നാം നിനക്ക് ഈ വേദം അവതരിപ്പിച്ചു തന്നിരിക്കുന്നു.

നിർബന്ധമായി അനുസരിക്കപ്പെടേണ്ട നിയമവിധിയും ശാസനയുമാണ് حكم. ഈ അർഥങ്ങളെല്ലാം പ്രകൃതസന്ദർഭത്തിൽ സാധുവാകുന്നു. അല്ലാഹുവിന്നുമാത്രം അടിമപ്പെട്ടു വാഴുന്നതിനാവശ്യമായ വിധിവിലക്കുകളാണ് വിവക്ഷ. ഇതിന് ശരീഅത്ത് എന്നും അഹ്കാമുശ്ശരീഅത്ത് എന്നും അഹ്കാമുൽ ഖുർആൻ എന്നു പറയും. 'ഹുക്മി'ന്റെ ബഹുവചനമാണ് 'അഹ്കാം.' حكم നെ عربيا -അറബിഭാഷയിലുള്ള- എന്നു വിശേഷിപ്പിച്ചതിലൂടെ ഈ ഖുർആൻ അതിന്റെ പ്രഥമ സംബോധിതർക്ക് അക്ലിഷ്ടവും സുഗ്രാഹ്യവുമാണെന്ന് ഓർമിപ്പിക്കുകയാണ്. അവരിലൂടെയാണത് ഇതര ഭാഷക്കാരിലെത്തേണ്ടത്. പ്രബോധിതർ സംസാരിക്കുന്ന ഭാഷയേതാണോ ആ ഭാഷയിൽ തന്നെ പ്രവാചകനും വേദവും സംസാരിക്കുക എന്നത് പ്രവാചക ദൗത്യത്തിൽ അല്ലാഹു സ്വീകരിച്ചിട്ടുള്ള നടപടിക്രമമാണ്. وَمَآ أَرْسَلْنَا مِن رَّسُولٍ إِلَّا بِلِسَانِ قَوْمِهِۦ (നാം ഒരു ദൈവദൂതനെയും അദ്ദേഹത്തിന്റെ ജനതയുടെ ഭാഷയിലല്ലാതെ നിയോഗിച്ചിട്ടില്ല - 14:4)

هوى യുടെ ബഹുവചനമാണ് أهواء. സ്വേഛ, ദേഹേഛ, ആസക്തി, വികാരം, മോഹം എന്നൊക്കെ هوىയെ തർജമ ചെയ്യാം. ആത്മീയവും ബൗദ്ധികവുമായ അടിത്തറയില്ലാത്ത എല്ലാ അഭിനിവേശങ്ങളെയും 'ഹവാ' പ്രതിനിധീകരിക്കുന്നു. ഖുർആൻ أهواء എന്നുപയോഗിച്ചിട്ടുള്ളത് അധികവും ബിദ്അത്തുകളെ- ആളുകൾ സ്വയം നിർമിക്കുന്ന അടിസ്ഥാന രഹിതമായ ആചാര വിശ്വാസങ്ങളെ കുറിക്കാനാണെന്ന് ചില മുഫസ്സിറുകൾ പ്രസ്താവിച്ചിരിക്കുന്നു. കാരണം ജ്ഞാനത്തിന്റെയോ ബുദ്ധിയുടെയോ പിന്തുണയില്ലാതെ കേവലമായ അഭിനിവേശത്തിൽനിന്നോ മോഹജ്വരത്തിൽനിന്നോ രൂപംകൊള്ളുന്നതാണ് ബിദ്അത്തുകൾ. വിഗ്രഹാരാധകരിലും വേദക്കാരിലും മുസ്‌ലിംകളിലുമെല്ലാം നടമാടുന്ന ബിദ്അത്തുകൾ അങ്ങനെ ഉൽഭവിച്ചതാണ്. ഈ സന്ദർഭത്തിൽ പ്രത്യേകം സൂചിപ്പിക്കുന്നത് ബഹുദൈവവിശ്വാസ-ശിർക്ക്- പരമായ ബിദ്അത്തുകളാണ്. അല്ലാഹുവിങ്കൽനിന്ന് വേദപ്രമാണ രൂപത്തിൽ ലഭിച്ച യഥാർഥ ജ്ഞാനമാണിവിടെ العلم കൊണ്ടുദ്ദേശ്യം. താൽപര്യമിതാണ്: അറബിഭാഷയിലുള്ള ലളിതവും സുഗ്രാഹ്യവുമായ ഈ വേദപ്രമാണങ്ങൾ ലഭിച്ചുകഴിഞ്ഞ ശേഷം താങ്കൾ ബഹുദൈവാരാധകരുടെ ബഹുദൈവവിശ്വാസപരമായ ബിദ്അത്തുകൾ പിന്തുടരുകയാണെങ്കിൽ, പിന്നെ താങ്കളെയും അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷിക്കാൻ ആർക്കും കഴിയില്ല. പ്രവാചകൻ ബിദ്അത്തുകളെ പിന്തുടരാൻ സാധ്യതയുള്ളതുകൊണ്ടോ അല്ലാഹു അദ്ദേഹത്തെ സംശയിക്കുന്നതുകൊണ്ടോ അല്ല ഈ താക്കീത്. ബഹുദൈവാരാധനയുടെയും അതുമായി ബന്ധപ്പെട്ട ബിദ്അത്തുകളുടെയും ഗൗരവം തുറന്നുകാട്ടുകയാണ്. ഇവിടെ സംബോധിതൻ പ്രവാചകനാണെങ്കിലും അതിലെ ആക്ഷേപവും താക്കീതും ഉന്നമാക്കുന്നത് വിഗ്രഹാരാധകരെയാണ്.

**38:** ഇതുമുതലുള്ള സൂക്തങ്ങൾ ഈ സൂറയുടെ സമാപന വചനങ്ങളാണ്. ആളുകൾ പ്രവാചകനോട് പുതിയ പുതിയ ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്താൻ ആവശ്യപ്പെട്ടുകൊണ്ടേയിരിക്കും. പ്രവാചകൻ അതു പ്രത്യക്ഷപ്പെടുത്താത്തതിന്റെ പേരിൽ അദ്ദേഹത്തെ പരിഹസിക്കുകയും ചെയ്യും. പ്രവാചകന്റെ ചുമതല ദൈവിക സന്ദേശം ജനങ്ങളിലെത്തിക്കുകയാണ്. ആ ദൗത്യം യഥാവിധി നിർവഹിക്കുകയേ അദ്ദേഹം ചെയ്യേണ്ടതുള്ളൂ. ദൃഷ്ടാന്തം കാണിക്കണോ വേണ്ടയോ, നിഷേധികൾക്കു എപ്പോൾ എങ്ങനെ പ്രതിഫലം നൽകണം എന്നൊക്കെ തീരുമാനിക്കുന്നതും നടപ്പിലാക്കുന്നതും അല്ലാഹുവാണ്. അത്തരം കാര്യങ്ങളൊന്നുമോർത്ത് പ്രവാചകന് മനക്ലേശമുണ്ടാകേണ്ടതില്ല. ഇക്കൂട്ടർ ഓരോ തന്ത്രങ്ങൾ പയറ്റുകയാണ്. എന്നാൽ അവരെക്കാൾ തന്ത്രജ്ഞനാണ് അല്ലാഹു. അല്ലാഹുവിന്റെ വാഗ്ദാനങ്ങളൊന്നും പാഴ്‌വാക്കുകളല്ല. ഓരോന്നും അതിന് നിശ്ചയിക്കപ്പെട്ട സമയത്തു പുലരുക തന്നെ ചെയ്യും. മുഹമ്മദ്(സ) ദൈവദൂതനാണെന്നതിന് സാക്ഷിയായി അല്ലാഹു തന്നെ മതി. കൂടാതെ സത്യസന്ധരായ വേദവിശ്വാസികളുമുണ്ടല്ലോ. ഇതാണ് സാരം.

അവിശ്വാസികൾ ഉന്നയിച്ച ഒരാക്ഷേപമിതായിരുന്നു: പൂർവ പ്രവാചകന്മാരുടെ പകരക്കാരനും പിൻഗാമിയുമാണെന്നാണ് മുഹമ്മദ് അവകാശപ്പെടുന്നത്. ഭാര്യയും മക്കളുമൊത്ത് സംസാര ജീവിതം നയിക്കുന്ന മനുഷ്യൻ എങ്ങനെയാണ് പ്രവാചകനാവുക? ഈസാ നബി കല്യാണം കഴിച്ചിട്ടില്ല. അദ്ദേഹത്തിന്റെ പിൻഗാമികളായ പുരോഹിതന്മാരും വിവാഹം കഴിക്കുന്നില്ല. പക്ഷേ, നമ്മുടെ ഈ പ്രവാചകന് ഏറെ കമ്പം സ്ത്രീകളിലാണ്. അദ്ദേഹം കല്യാണം കഴിച്ചിരിക്കുന്നു. അതിൽ മക്കളുമുണ്ടായിരിക്കുന്നു. പ്രവാചകൻ ആദ്യം ഖദീജ(റ)യെ വിവാഹം ചെയ്തു. അതിൽ മക്കളുമുണ്ടായി. മക്കാ ജീവിതത്തിന്റെ അവസാനകാലത്ത് അദ്ദേഹം സൗദ(റ)യെയും വിവാഹം ചെയ്തു. അബലയും വിധവയുമായ സൗദഃയെ ഭാര്യയാക്കി സംരക്ഷിക്കുകയായിരുന്നു തിരുമേനി. അതിൽ മക്കളുണ്ടായിട്ടില്ല. ഇതാണ് അവരുടെ പരിഹാസത്തിന്റെ പശ്ചാത്തലം. അല്ലാഹു പ്രവാചകന്മാരെ നിയോഗിക്കുകയാണെങ്കിൽ അത് ഉണ്ടും ഉറങ്ങിയും ഭോഗിച്ചും കഴിയുന്ന മനുഷ്യരിൽ നിന്നാവില്ല, മറിച്ച് പരിശുദ്ധരായ മലക്കുകളിൽ നിന്നായിരിക്കും. ഇനി മനുഷ്യരിൽനിന്ന് പ്രവാചകന്മാരെ തെരഞ്ഞെടുക്കുകയാണെങ്കിൽ തന്നെ ആളും അർഥവുമില്ലാത്ത മുഹമ്മദിനെയല്ല, മഹാനഗരങ്ങളിൽ സമ്പത്തും സ്ഥാനമാനങ്ങളുമുള്ള പ്രഭുക്കളെയായിരിക്കും എന്നും അവർ വാദിച്ചു.

നടേപറഞ്ഞപോലെ താൻ ദൈവത്തിന്റെ ദൂതനാണെന്ന് തെളിയിക്കുന്ന ദൃഷ്ടാന്തങ്ങൾ കാണിക്കുന്നില്ല എന്നതായിരുന്നു മറ്റൊരാക്ഷേപം. ദൃഷ്ടാന്തംകൊണ്ട് അവരുദ്ദേശിച്ചത് മരുഭൂമിയെ മലർവാടിയാക്കുക, മലകളെ സ്വർണക്കൂമ്പാരങ്ങളാക്കുക, വാനലോകത്തേക്ക് കയറിപ്പോവുക, ദൈവത്തെ അവരുടെ കൺമുമ്പിൽ ഹാജരാക്കുക തുടങ്ങിയ കാര്യങ്ങളായിരുന്നു. അതിനൊന്നും വയ്യെങ്കിൽ ഈസാനബി കാണിച്ചതുപോലെ മരിച്ചവരെ ജീവിപ്പിക്കുക, അന്ധന്ന് കാഴ്ച നൽകുക,

മാറാരോഗികളെ സുഖപ്പെടുത്തുക പോലുള്ള അത്ഭുതങ്ങളെങ്കിലും കാണിക്കണം. അല്ലെങ്കിൽ മുഹമ്മദ് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്ന ആ ലോകാവസാനവും ഉയിർത്തെഴുന്നേൽപും ഒന്നുകാണട്ടെ. അതുമില്ലെങ്കിൽ പ്രവാചകനെ തള്ളിപ്പറഞ്ഞാൽ ഞങ്ങൾക്ക് വന്നുഭവിക്കുമെന്ന് ഭീഷണിപ്പെടുത്തുന്ന വിപത്തുകളും മഹാനാശവും ഒന്നുവന്നുകാണട്ടെ.

ഈ വിമർശനങ്ങൾ ഉദ്ധരിക്കാതെ അവയ്ക്കു സംക്ഷിപ്തവും എന്നാൽ സമഗ്രവുമായ മറുപടി പറയുകയാണീ സൂക്തം. ഒന്നാമത്തെ ആക്ഷേപത്തിനുള്ള മറുപടി ഇതാണ്: മുഹമ്മദ് നബി ലോകത്താഗതനാകുന്ന ആദ്യത്തെ പ്രവാചകനല്ല. ഇതിനുമുമ്പും എത്രയോ പ്രവാചകന്മാർ നിയുക്തരായിട്ടുണ്ട്. അവരൊക്കെയും മനുഷ്യരായിരുന്നു. മനുഷ്യരുടെ മാർഗദർശകരും മാതൃകാപുരുഷന്മാരുമായ പ്രവാചകന്മാരായി അല്ലാഹു ഒരിക്കലും മലക്കുകളെ നിയോഗിച്ചിട്ടില്ല; മനുഷ്യർക്കേ മനുഷ്യരെ നയിക്കാനാകൂ. ഭൂമിയിലുള്ളത് മലക്കുകളായിരുന്നുവെങ്കിൽ അവരുടെ പ്രവാചകന്മാരായി മലക്കുകളെത്തന്നെ അയക്കുമായിരുന്നു. മനുഷ്യരെ അയക്കുമായിരുന്നില്ല. കാരണം, മലക്കുകളെ മാർഗദർശനം ചെയ്യേണ്ടത് മലക്കുകളാണ്. മനുഷ്യരുടെ പ്രവാചകൻ മനുഷ്യനാകുന്നതിലല്ല; മനുഷ്യനല്ലാതാകുന്നതിലാണ് അയുക്തിയും വൈചിത്ര്യവുമുള്ളത്.

അല്ലാഹു നിയോഗിച്ച പ്രവാചകന്മാരെല്ലാം മറ്റു മനുഷ്യരെപ്പോലുള്ളവർതന്നെയായിരുന്നു. അവർ ഉണ്ണുകയും ഉറങ്ങുകയും അധ്വാനിക്കുകയും അങ്ങാടിയിൽ നടക്കുകയും വിവാഹം ചെയ്യുകയും കുട്ടികളെ ജനിപ്പിക്കുകയും ഒക്കെ ചെയ്തിരുന്നു. ഇത്തരം ലൗകിക വ്യവഹാരങ്ങളെല്ലാം ചേർന്നതാണ് മനുഷ്യജീവിതം. ആ ജീവിതത്തിന്റെ സമ്പൂർണ സംസ്കരണത്തിനു വേണ്ടിയാണ് പ്രവാചകന്മാർ നിയുക്തരാകുന്നത്. സംസാര ജീവിതത്തിൽ നിന്ന് സ്വയം വിട്ടുനിൽക്കുന്നവർക്ക് സമൂഹത്തിനു മുമ്പിൽ സംസ്കൃതമായ സംസാര ജീവിതത്തിന്റെ മാതൃകയാവാൻ കഴിയില്ല. മനുഷ്യരെ സംസാര ജീവിതത്തിൽനിന്നു മുക്തരാക്കുകയല്ല; അവരുടെ സംസാര ജീവിതത്തെ പൈശാചിക മാലിന്യങ്ങളിൽനിന്ന് മുക്തമാക്കുകയാണ് ദീനിന്റെ ലക്ഷ്യം. ലൗകിക ജീവിതം വർജിച്ചുകൊണ്ടുള്ള വിശുദ്ധിയെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. പ്രവാചകന്റെ കാലത്ത്, ജീവിതകാലം മുഴുവൻ അവിവാഹിതനായി ദൈവാരാധനയിൽ മുഴുകുമെന്നും രാത്രി ഒട്ടും ഉറങ്ങാതെ നമസ്കാരത്തിലേർപ്പെടുമെന്നും ഒറ്റ ദിവസവുമൊഴിയാതെ എന്നും നോമ്പനുഷ്ഠിക്കുമെന്നുമൊക്കെ പ്രതിജ്ഞയെടുക്കാൻ തയാറായ ചില ശിഷ്യന്മാരോട് അദ്ദേഹം പറഞ്ഞു: നിങ്ങളിൽ ഏറ്റം ദൈവഭക്തിയുള്ളവനാണ് ഞാൻ. വിവാഹം ചെയ്ത് സ്ത്രീ സംസർഗത്തിലേർപ്പെടുകയും രാത്രി കുറേ നേരം നമസ്കരിക്കുകയും കുറേ നേരം ഉറങ്ങുകയും ചില നാളുകളിൽ നോമ്പെടുക്കുകയും ചില നാളുകളിൽ നോമ്പെടുക്കാതിരിക്കുകയുമൊക്കെയാണ് എന്റെ ചര്യ. ഈ ചര്യയിൽ താൽപര്യമില്ലാത്തവർ എന്നിൽ (എന്റെ മതത്തിൽ) പെട്ടവരല്ല തന്നെ."

അറിയപ്പെട്ട മഹാപ്രവാചകന്മാരിൽ നൂഹ്, ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യൂസുഫ്, മൂസാ, ദാവൂദ്, സുലൈമാൻ, അയ്യൂബ്(അ) തുടങ്ങിയവരെല്ലാം പുത്രകളത്രാദികളുള്ളവരായിരുന്നു. അത് അവരുടെയൊന്നും മഹത്വത്തിനോ മാതൃകായോഗ്യതക്കോ ഒരു കുറവും വരുത്തിയിട്ടില്ല. യഹ്‌യാ നബിയും ഈസാനബിയും(അ) വിവാഹം ചെയ്തതായി അറിയപ്പെട്ടിട്ടില്ല. അവർ വിവാഹം കഴിക്കാത്തതുകൊണ്ടുമാവാം, ചരിത്രം രേഖപ്പെടുത്താത്തതുകൊണ്ടുമാവാം. ഈസാ(അ) അദ്ദേഹത്തിന്റെ യൗവനകാലത്തുതന്നെ ഇഹലോകവാസം വെടിഞ്ഞുവല്ലോ. ഏതായാലും വിവാഹം ചെയ്തില്ല എന്നതായിരുന്നില്ല അവരുടെ മഹത്വവും പ്രവാചകത്വ യോഗ്യതയും. വാസ്തവത്തിൽ കുടുംബവും കുട്ടികളുമുണ്ട് എന്നത് മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വത്തിനും മാതൃകാ യോഗ്യതക്കും മാറ്റു കൂട്ടുകയേ ചെയ്യുന്നുള്ളൂ. അദ്ദേഹത്തിന്റെ പ്രവാചകത്വത്തെ നിഷേധിക്കാനുള്ള ന്യായമാണതെങ്കിൽ എല്ലാവരും അംഗീകരിക്കുന്ന പ്രവാചകന്മാരുടെ പ്രവാചകത്വവും അതേ ന്യായത്താൽ നിഷേധിക്കപ്പെടുന്നതാണ്.

مَا كَانَ لِرَسُولٍ എന്നുതുടങ്ങുന്ന വാക്യം രണ്ടാമത്തെ വിമർശനത്തിനുള്ള മറുപടിയാണ്. ജനങ്ങൾക്കുമുമ്പിൽ ദിവ്യാത്ഭുതങ്ങൾ പ്രദർശിപ്പിക്കാൻ നിയുക്തനാകുന്ന സിദ്ധനല്ല പ്രവാചകൻ. അത് പ്രവാചകന്മാരുടെ ജോലിയേ അല്ല, അവർക്കു ഭൂഷണവുമല്ല, അവരുടെ കഴിവിൽ പെട്ടതുമല്ല എന്നീ ധ്വനികൾ കൂടി വഹിക്കുന്നതാണ് مَا كَانَ لِرَسُولٍ എന്ന പ്രയോഗം. ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അധികാരവും അതുനടപ്പിലാക്കാനുള്ള കഴിവും അല്ലാഹുവിന്റേതു മാത്രമാണ്. അവൻ അനുവദിക്കുകയും നിർദേശിക്കുകയും ചെയ്യുമ്പോൾ മാത്രം പ്രവാചകന്മാരിലൂടെ അതു പ്രത്യക്ഷമാകുന്നു. ഒരു പ്രവാചകനിലൂടെ ഒരു ദിവ്യാത്ഭുതം പ്രത്യക്ഷമാകണമെന്ന് അല്ലാഹു തീരുമാനിച്ചാൽ പ്രവാചകൻ തന്നെ വിചാരിച്ചാലും അതു തടയാനുമാവില്ല. യാഥാർഥ്യമിതാണെന്നിരിക്കെ, പ്രവാചകനോട് ദിവ്യാത്ഭുതം തേടുന്നതിലോ അതു കാണിക്കാത്തതിന്റെ പേരിൽ അദ്ദേഹത്തെ ആക്ഷേപിക്കുന്നതിലോ ഒരു കാര്യവുമില്ല. അല്ലാഹു എന്തു തീരുമാനിച്ചുവോ അതേ നടക്കൂ. അവന്റെ വാഗ്ദാനങ്ങളും മുന്നറിയിപ്പുകളും പുലരുകതന്നെ ചെയ്യും. ലോകാവസാനം, പുനരുത്ഥാനം, സത്യനിഷേധികളുടെ നാശം, വിശ്വാസികളുടെ വിജയം തുടങ്ങിയ സംഭവങ്ങളെല്ലാം നടക്കാൻ അല്ലാഹു നിശ്ചയിച്ചു വെച്ച അവധി എത്തിയാൽ നടന്നുകൊള്ളും. അതിന് നിങ്ങൾ ധൃതി കൂട്ടേണ്ടതില്ല. നിങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് മാറ്റാനുള്ളതല്ല അവന്റെ നിശ്ചയങ്ങൾ. إِنَّا كُلَّ شَيْءٍ خَلَقْنَاهُ بِقَدَرٍ (എല്ലാം നാം ഒരു കണക്കു പ്രകാരം സൃഷ്ടിച്ചിരിക്കുന്നു - 54:49). لِّكُلِّ نَبَإٍ مُّسْتَقَرٌّ (എല്ലാ പ്രവചനത്തിനും പുലരാൻ ഒരു നിശ്ചിത സമയമുണ്ട് - 6:67). ഇവിടെ വചനം لِكُلِّ أَجَلٍ كِتَابٌ എന്നാണ്. ഒരു കാര്യം സംഭവിക്കേണ്ട കാലമാണ് أجل. കടം തിരിച്ചുകൊടുക്കേണ്ട അവധിക്കും ആയുഷ്കാലത്തിനും أجل എന്നു പറയും. ആയുസ്സവസാനിക്കുന്നതിനു 'അജലെത്തുക' എന്നും. പ്രകൃത സൂക്തത്തിൽ 'അജലി'ന് വ്യത്യസ്ത പണ്ഡിതന്മാർ സംഭവം, രീതി, കാലഘട്ടം എന്നിങ്ങനെ വ്യത്യസ്ത വിവക്ഷകളാണ് നൽകിയിട്ടുള്ളത്. ഇമാം സമഖ്ശരി പറഞ്ഞു: "ഓരോ സമയത്തിനും ദൈവദാസന്മാരുടെ പേരിൽ എഴുതപ്പെടുന്ന നിയമമുണ്ട്. അതായത് അവരുടെ നന്മക്ക് ആവശ്യമായ നിയമങ്ങൾ ചുമത്തുന്നു. സാഹചര്യങ്ങളും സന്ദർഭങ്ങളും മാറുന്നതനുസരിച്ച് മാറിക്കൊണ്ടിരിക്കുന്ന താൽപര്യങ്ങളാണ് നിയമങ്ങൾ. പൂർവ പ്രവാചകരായ മൂസാ, ഈസാ തുടങ്ങിയവരുടെ ശരീഅത്തുകളും അനന്തരം വന്ന മുഹമ്മദീയ ശരീഅത്തും അതതു കാലഘട്ടങ്ങൾക്കനുയോജ്യമായതാണ്." ഈ വ്യാഖ്യാനത്തോട് ചേർന്നുനിന്നുകൊണ്ട് ഓരോ കാലഘട്ടത്തിനും ഒരു വേദം ഉണ്ട് എന്നും ഭാഷ്യപ്പെടുത്തിയിട്ടുണ്ട്. ഓരോ കാലത്തും ആ കാലത്തിനുയോജിച്ച വേദവും ശരീഅത്തുമാണ് അല്ലാഹു അവതരിപ്പിക്കുന്നത്.

ദിവ്യാത്ഭുതങ്ങൾ കാണിച്ച് ആളുകളെ സത്യവിശ്വാസത്തിലേക്കാകർഷിക്കുന്ന ഒരു രീതിയുണ്ടായിരുന്നു. ഓരോ രീതിക്കും അതിന്റേതായ കാലഘട്ടമുണ്ട്. ഇപ്പോൾ ആ കാല

ഘട്ടം കഴിഞ്ഞുപോയിരിക്കുന്നു. ഇതാണ് ചില പണ്ഡിതന്മാരുടെ വ്യാഖ്യാനം. ആളുകളുടെ ആയുസ്സ്, ആഹാരം, കർമഫലങ്ങൾ വെളിപ്പെടൽ ഇതിനൊക്കെ കൃത്യമായ കാലാവധി നിശ്ചയിച്ചിട്ടുണ്ട്. ആ അവധി കടുകിട വ്യത്യാസപ്പെടുകയില്ല.

فَإِذَا جَاءَ أَجَلُهُمْ لَا يَسْتَأْخِرُونَ سَاعَةً وَلَا يَسْتَقْدِمُونَ

(അവരുടെ കാലാവധിയെത്തിയാൽ ഒരു നിമിഷംപോലും മുന്താനോ പിന്താനോ അവർക്കാവില്ല - 7:34). ഇതാണ് മറ്റൊരു വ്യാഖ്യാനം. സൂക്തത്തിലെ പദങ്ങൾ ഈ വ്യാഖ്യാനങ്ങളെയെല്ലാം സാധൂകരിക്കുന്നുണ്ടെങ്കിലും, അവിശ്വാസികൾ ഉന്നയിച്ചതായി ചൂണ്ടിക്കാണിച്ച വിമർശനത്തിന്റെ മറുപടിയുടെ ഭാഗമായി പരിഗണിക്കുമ്പോൾ ആദ്യം പറഞ്ഞ വ്യാഖ്യാനമാണ് കൂടുതൽ ഉചിതമായി തോന്നുന്നത്.

**39:** لِكُلِّ أَجَلٍ كِتَابٌ ന്റെ അനുബന്ധമാണീ സൂക്തം. അതുകൊണ്ട് ആ വാക്യത്തിലുള്ള വ്യാഖ്യാനഭേദം ഇതിലും സാധുവാകുന്നു. لِكُلِّ أَجَلٍ ന് ആദ്യം പറഞ്ഞ വ്യാഖ്യാന പ്രകാരം തുടർന്നു പറയുന്നതിതാണ്: അല്ലാഹുവിന്റെ രേഖപ്പെടുത്തിവെച്ച പ്രമാണം അവന്റെ മാത്രം അധികാരത്തിലും ഉത്തരവാദിത്വത്തിലുമുള്ളതാണ്. അതിൽ വല്ലതും മായ്ച്ചുകളയുകയോ സ്ഥിരപ്പെടുത്തുകയോ, ഒഴിവാക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യുന്നുവെങ്കിൽ അതവൻ മാത്രമാണ്, അവന്റെ ജ്ഞാനത്തിന്റെയും യുക്തിയുടെയും അടിസ്ഥാനത്തിൽ ചെയ്യുക. മറ്റുള്ളവരുടെ ഇംഗിതമോ കൽപനയോ അനുസരിച്ച് ഒരു മാറ്റവുമുണ്ടാവില്ല. മൂലപ്രമാണം അവന്റെ മാത്രം കൈവശത്തിലാണ്. മറ്റാർക്കും അതിനെ പ്രാപിക്കാനാവില്ല.

'അജലി'ന്റെ കിതാബിനെ لِكُلِّ أَجَلٍ كِتَابٌ കാലഘട്ടത്തിന്റെ രീതിയും ശരീഅത്തുമായി കണ്ടവരുടെ വ്യാഖ്യാനം ഇങ്ങനെ: ഓരോ കാലഘട്ടം പിന്നിടുമ്പോൾ ആ കാലഘട്ടത്തിലെ പ്രവാചകന്മാർ നിശ്ചയിച്ച പ്രബോധന രീതിയിലും അവർ പ്രബോധനം ചെയ്ത ശരീഅത്തിലും അല്ലാഹു ഉദ്ദേശിച്ച മാറ്റങ്ങൾ വരുത്തുന്നു. പിന്നീടു വരുന്ന കാലത്തേക്ക് ആവശ്യമില്ലാത്ത പ്രബോധന രീതിയും ശരീഅത്തു നിയമങ്ങളും മായ്ച്ചു കളയുകയും ആവശ്യമുള്ളത് നിലനിർത്തുകയും കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. അതിനെല്ലാം കഴിയുംവണ്ണം അവന്റെ കൈവശത്തിലും ഉത്തരവാദിത്വത്തിലും തന്നെയാണ് മൂലഗ്രന്ഥമിരിക്കുന്നത്. ആയുസ്, കാലം, ആധാരം തുടങ്ങിയവയാണ് 'അജലിൻ കിതാബ്' എന്നഭിപ്രായപ്പെട്ടവർ പറയുന്നു: ആളുകളുടെ ആയുസ്സിലും ആഹാരത്തിലും പ്രവർത്തനത്തിലും ഭാഗ്യനിർഭാഗ്യങ്ങളിലുമെല്ലാം അവൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കും. ശിക്ഷാർഹരായ വ്യക്തികളുടെയും സമൂഹത്തിന്റെയും വിധി, അവർ പശ്ചാത്തപിക്കുകയും സത്യവും സന്മാർഗവും സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി രക്ഷാർഹതയാക്കി മാറ്റുന്നു. അവരുടെ ആയുസ്സിലും ജീവിത വിഭവങ്ങളുടെ ലഭ്യതയിലും ഈ മാറ്റങ്ങൾ ദൃശ്യമാകും. ഇത്തരം മാറ്റങ്ങൾ കൂടി രേഖപ്പെടുത്തിയിട്ടുള്ളതാണ് മൂലപ്രമാണം.

أُمُّ الْكِتَابِ നെയാണ് മൂലപ്രമാണം എന്ന് തർജമ ചെയ്തിട്ടുള്ളത്. പുസ്തകത്തിന്റെ മാതാവ്, മാതൃഗ്രന്ഥം എന്നാണ് ഭാഷാർഥം. കേന്ദ്രം എന്ന അർഥത്തിലും أم ഉപയോഗിക്കും. أمّ القرى കേന്ദ്രനഗരമാണ്. എല്ലാ വേദങ്ങളുടെയും ഉറവിടമായ പ്രമാണം എന്നാണിവിടെ أُمُّ الْكِتَابِ ന്റെ വിവക്ഷ. اللّوح المحفوظ (സംരക്ഷിത ഫലകം) എന്നറിയപ്പെടുന്നതിനെ തന്നെയാണ് ഉമ്മുൽ കിതാബ് എന്ന് വ്യവഹരിച്ചിരിക്കുന്നതെന്ന് പണ്ഡിതന്മാർ പൊതുവിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. മനുഷ്യർക്കവതരിപ്പിക്കുന്ന വേദങ്ങളിലും വിധികളിലും അല്ലാഹു കാലാനുസൃതമായ മാറ്റങ്ങൾ വരുത്തും. കാലത്തിന്റെ മാറ്റവും തദനുസാരം ശരീഅത്തിലും വിധിയിലും വരുത്തേണ്ട മാറ്റങ്ങളും കൂടി രേഖപ്പെടുത്തിയതാണ് ഉമ്മുൽ കിതാബ്.

'മായ്ച്ചുകളയുന്നു' എന്നു പറഞ്ഞതിൽ ശരീഅത്തുകൾ ഉൾപ്പെടുന്നു എന്ന വീക്ഷണ പ്രകാരം സൂറ *അൽബഖറ*യിലെ مَا نَنسَخْ مِنْ آيَةٍ أَوْ نُنسِهَا نَأْتِ بِخَيْرٍ مِّنْهَا أَوْ مِثْلِهَا എന്ന സൂക്തത്തിന്റെ മറ്റൊരു ഭാഷ്യമാണിത്. നസ്ഖിനെ സംബന്ധിച്ച കൂടുതൽ വിശദീകരണത്തിന് പ്രസ്തുത സൂക്തത്തിനുതാഴെ നോക്കുക. ■